**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2286** **11-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ശ്രീ. കെ.പി.മോഹനൻ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ത്രിതല പഞ്ചായത്തുകളിലേക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കില വഴി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ത്രിതല പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് കില മുഖാന്തിരം പഞ്ചായത്തുകളുടെ വിവിധ പ്രവർത്തനങ്ങൾ, പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും, അനുബന്ധ നിയമങ്ങൾ,മാലിന്യ സംസ്കരണം, ദുരന്ത നിവാരണം എന്നിങ്ങനെ വിഷയാടിസ്ഥാനത്തിലും , സർക്കാരിന്റെ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും നിർവഹണം അനുബന്ധിച്ചും ആവശ്യമായ പരിശീനങ്ങൾ നൽകിവരുന്നുണ്ട്. വകുപ്പുകളുടെ സംയോജനത്തിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ളവർക്കും പുതുതായി നിയമിക്കപ്പെടുന്നവരുമായ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്ത് വരുന്നു. |
| (ബി) | പഞ്ചായത്തുകളുടെ സേവനം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാർക്ക് വാർഷിക പരിശീലനം നിർബന്ധമാക്കുമോ; | (ബി) | സംസ്ഥാനത്തെ പഞ്ചായത്തുകളുടെ സേവനം കാര്യക്ഷമാക്കുന്നതിനായി വകുപ്പിലെ എല്ലാ ജീവനക്കാർക്കും കില മുഖാന്തിരം പരിശീലനം നൽകി വരുന്നുണ്ട്. നിലവിൽ പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ്, നഗരാസൂത്രണം എന്നീ അഞ്ച് വകുപ്പുകൾ സംയോജിപ്പിച്ച് ഒറ്റ വകുപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ വാർഷിക പരിശീലനം നിർബന്ധമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്. |
| (സി) | പഞ്ചായത്തുകളുടെ മുഴുവൻ സേവനങ്ങളും ഓൺലൈൻ വഴി നൽകാനും സേവനം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ? | (സി) | പഞ്ചായത്തുകളിലെ സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതനമായ ഒരു സോഫ്റ്റ് വെയർ ആണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| | | | | സിസ്റ്റം(ഐ.എൽ.ജി.എം.എസ്.).<br>ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ വിവിധ ഘട്ടങ്ങളായി പ്രവർത്തനക്ഷമമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഓഫീസ് ഫയൽ മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, അക്കൗണ്ടിംഗ് എന്നീ മൂന്ന് മൊഡ്യൂളുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കേരളത്തിലെ 309 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നൽകി വരുന്ന 213 സേവനങ്ങൾക്കു ഓൺലൈനായി അപേക്ഷ അയക്കുന്നതിനും. ഓൺലൈനായി തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം.(ഐ.എൽ.ജി.എം.എസ്) നടപ്പിലാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ സേവനങ്ങളും ഓൺലൈൻ വഴി നൽകാനുള്ള നടപടി ആയിട്ടുണ്ട്.കൂടാതെഅവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ കൂടി സേവനങ്ങൾ ഓൺലൈനിൽ അപേക്ഷിക്കുന്നതിനും അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കുന്നതിനും തയ്യാറാക്കിയ സിറ്റിസൺ പോർട്ടൽ (citizen.lsgkerala.gov.in). 3/09/2021 ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ